## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2574** **13-02-2024 - ൽ മറുപടിയ്ക്ക്**

## ക്ഷീര വികസന സഹകരണ സംഘങ്ങൾക്ക് കെട്ടിടം നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീര വികസന സഹകരണ സംഘങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി എം.എൽ.എ.യുടെ പ്രത്യേക വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കാമെന്ന് മാർഗ്ഗനിർദ്ദേശം ഉണ്ടോ; വിശദമാക്കാമോ; | (എ) | എംഎൽഎ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29.12.2017 തീയതിയിലെ സ.ഉ(അച്ചടി)നം.161/2017/ധന അനുബന്ധം 1 ക്രമ നമ്പർ 22 പ്രകാരം, ക്ഷീര വികസന സഹകരണ സംഘങ്ങൾക്ക് കെട്ടിടം നിർമ്മാണം അനുവദനീയമാണ്. |
| (ബി) | പ്രസ്തുത സഹകരണ സംഘങ്ങളുടെ ആസ്തി ഗ്രാമപഞ്ചായത്തുകളുടെയോ സർക്കാരിന്റെയോ അധീനതയിൽ അല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ എംഎൽഎ പ്രത്യേക വികസന നിധിയുടെ മാർഗ്ഗ നിർദ്ദേശത്തിലെ ഖണ്ഡിക 6.3 (iv) പ്രകാരം ഈ ഫണ്ട് വിനിയോഗിച്ച് ആരുടെ ഉപയോഗത്തിനായും സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമാണ്. ഇവയുടെ വിൽപ്പന, കൈമാറ്റം ചെയ്യൽ, തീർപ്പാക്കൽ എന്നിവ സർക്കാരിന്റെ അനുമതിയില്ലാതെ നടത്തുവാൻ പാടില്ല എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ ഈ ആവശ്യത്തിനായി മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി ആവശ്യമില്ല. |
| (സി) | ഈ സാഹചര്യത്തിൽ ഇത്തരം സഹകരണ സംഘങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിന് മാർഗ്ഗരേഖയിൽ മാറ്റം വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ എംഎൽഎ പ്രത്യേക വികസന നിധിയുടെ മാർഗ്ഗ നിർദ്ദേശത്തിലെ ഖണ്ഡിക 6.3 (iv) പ്രകാരം ഈ ഫണ്ട് വിനിയോഗിച്ച് ആരുടെ ഉപയോഗത്തിനായും സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമാണ്. ഇവയുടെ വിൽപ്പന, കൈമാറ്റം ചെയ്യൽ, തീർപ്പാക്കൽ എന്നിവ സർക്കാരിന്റെ അനുമതിയില്ലാതെ നടത്തുവാൻ പാടില്ല എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ ഈ ആവശ്യത്തിനായി മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ